**മധുരമായ കുട്ടികളേ - ആരാണോ ആദ്യമാദ്യം ഭക്തി ആരംഭിച്ചത്, ആ രഥത്തിലാണ് ബാബ വരുന്നത്. നമ്പർ വൺ പൂജ്യനായിരുന്ന ആൾ പിന്നീട് പൂജാരിയായി, ഈ രഹസ്യം സർവ്വർക്കും സ്പഷ്ടമായി കേൾപ്പിക്കൂ.**

**ചോദ്യം:-** ബാബ തന്റെ അവകാശി കുട്ടികൾക്ക് എന്ത് സമ്പത്ത് നൽകാനാണ് വന്നിരിക്കുന്നത്?
**ഉത്തരം:-** ബാബ സുഖത്തിന്റേയും, ശാന്തിയുടേയും, സ്നേഹത്തിന്റേയും സാഗരനാണ്. ഈ ഖജനാവുകളെല്ലാം ബാബ നിങ്ങൾക്ക് വിൽ ചെയ്യുന്നു. 21 ജന്മം വരേയ്ക്കും നിങ്ങൾ കഴിച്ചുകൊണ്ടിരുന്നാലും തീരാത്ത വിധത്തിലാണ് വിൽ ചെയ്യുന്നത്. നിങ്ങളെ കക്കയിൽ നിന്നും വജ്രമാക്കി മാറ്റുന്നു. നിങ്ങൾ ബാബയുടെ മുഴുവൻ ഖജനാവും യോഗ ബലത്തിലൂടെ നേടുന്നു. യോഗത്തിലൂടെയല്ലാതെ ഖജനാവ് ലഭിക്കുകയില്ല.

**ഓം ശാന്തി**. ശിവഭഗവാനുവാച. ഇപ്പോൾ നിരാകാരനായ ശിവ ഭഗവാനെ എല്ലാവരും അംഗീകരിക്കുന്നുണ്ട്. നിരാകാരനായ ശിവൻ ഒന്നേയുള്ളൂ, എല്ലാവരും പൂജിക്കുന്നത് ആ ശിവനെയാണ്. ബാക്കിയുള്ള ദേഹധാരികൾക്കെല്ലാം അവരുടേതായ സാകാര രൂപമുണ്ട്. ആദ്യമാദ്യം നിരാകാരി ആത്മാവായിരുന്നു, പിന്നീട് സാകാരിയായി. സാകാരിയായി ശരീരത്തിൽ പ്രവേശിക്കുമ്പോൾ അവരുടെ പാർട്ട് ആരംഭിക്കുന്നു. മൂലവതനത്തിൽ ഒരു പാർട്ടുമില്ല. നാടകത്തിലെ അഭിനേതാക്കൾ വീട്ടിലിരിക്കുമ്പോൾ അവർക്ക് നാടകത്തിന്റെ പാർട്ടില്ല. സ്റ്റേജിൽ വരുമ്പോൾ പാർട്ട് ആരംഭിക്കുന്നു. ആത്മാക്കളും ഇവിടെ വന്ന് ശരീരത്തിലൂടെ പാർട്ട് അഭിനയിക്കുന്നു. പാർട്ടിലാണ് മുഴുവൻ ആധാരവും. ആത്മാക്കളിൽ വ്യത്യാസമില്ല. ഏതു പോലെയാണോ നിങ്ങൾ കുട്ടികളുടെ ആത്മാവ് അതുപോലെ തന്നെയാണ് ഇദ്ദേഹത്തിന്റെ ആത്മാവും. പരമമായ ആത്മാവായ ബാബ എന്താണ് ചെയ്യുന്നത്? അദ്ദേഹത്തിന്റെ കർത്തവ്യം എന്താണ്, അത് അറിയണം. ചിലർ പ്രസിഡന്റാണ്, രാജാവാണ്, ഇതെല്ലാം ആത്മാവിന്റെ കർത്തവ്യങ്ങളാണ്. ഇത് പവിത്ര ദേവതകളാണ്, അതു കൊണ്ടാണ് അവരുടെ പൂജ നടക്കുന്നത്. ഇപ്പോൾ നിങ്ങൾക്കറിയാം ഇവർ ഈ പഠിപ്പ് പഠിച്ച് വിശ്വത്തിന്റെ അധികാരിയായ ലക്ഷ്മീ-നാരായണനായി. ആരാണ് ആക്കിയത്? പരമാത്മാവാണ് ആക്കിമാറ്റിയത്. നിങ്ങൾ ആത്മാക്കളും പഠിപ്പിക്കുന്നു. ഏറ്റവും വലിയ കാര്യം എന്നു പറയുന്നത് ബാബ വന്നിട്ട് നിങ്ങൾ കുട്ടികളെ പഠിപ്പിക്കുകയും രാജയോഗം പറഞ്ഞു തരികയും ചെയ്യുന്നു. എത്ര സഹജമാണ്. ഇതിനെയാണ് പറയുന്നത് രാജയോഗം എന്ന്. ബാബയെ ഓർക്കുന്നതിലൂടെ നമ്മൾ സതോപ്രധാനമാകുന്നു. ബാബ സതോപ്രധാനമായാണ് ഇരിക്കുന്നത്. ബാബയുടെ എന്തു മാത്രം മഹിമയാണ് പാടുന്നത്. ഭക്തിമാർഗ്ഗത്തിൽ ഫലങ്ങളും, പാലുമൊക്കെ അഭിഷേകം ചെയ്യുന്നു, ഒന്നും അറിഞ്ഞുകൂടാ. ദേവതകൾ രാജ്യം ഭരിച്ചു. ശരി, ശിവന്റെ മേൽ എന്തു കൊണ്ടാണ് അഭിഷേകം നടത്തുന്നത്? ഒന്നും അറിഞ്ഞുകൂടാ. ദേവതമാരെ പൂജിയ്ക്കുന്നു. ശിവനുമേൽ ഫലങ്ങളും പാലും അഭിഷേകം ചെയ്യുന്നു. ഇത്രയ്ക്കും പൂജിക്കത്തക്ക രീതിയിൽ അദ്ദേഹം എന്ത് കർത്തവ്യമാണ് ചെയ്തത്? ദേവതകളുടേത് പിന്നെയും അറിയാം, അവർ സ്വർഗ്ഗത്തിന്റെ അധികാരികളാണ്. അവരെ ആരാണ് അങ്ങനെ ആക്കിത്തീർത്തത്, അതും അറിഞ്ഞു കൂടാ. ശിവന്റെ പൂജ ചെയ്യുന്നുണ്ടെങ്കിലും ഇത് ഭഗവാനാണെന്ന് അറിഞ്ഞുകൂടാ. ഭഗവാനാണ് ഇവരെ ഇങ്ങനെ ആക്കിയത്. എന്തു മാത്രം ഭക്തിയാണ് ചെയ്യുന്നത്. എല്ലാവരും അറിവില്ലാത്തവരാണ്. നിങ്ങളും ശിവന്റെ പൂജ ചെയ്തിട്ടുണ്ടാകും, ഇപ്പോൾ നിങ്ങൾക്കറിയാം, നേരത്തെ ഒന്നും അറിഞ്ഞിരുന്നില്ല. അവരുടെ കർത്തവ്യം എന്താണ്, എന്തു സുഖമാണ് നൽകുന്നത്, ഒന്നും അറിഞ്ഞുകൂടായിരുന്നു. എന്താ ഈ ദേവതകളാണോ സുഖം നൽകുന്നത്? രാജാവും-റാണിയും, പ്രജകൾക്ക് സുഖം കൊടുക്കുന്നുണ്ടെന്നത് ശരിതന്നെ, പക്ഷെ അവരെ ശിവബാബയല്ലേ അങ്ങനെ ആക്കിതീർത്തത്. മഹിമ ബാബയുടേതാണ്. ഇവർ രാജ്യം മാത്രമെ ഭരിക്കുന്നുള്ളൂ, പ്രജകളും ഉണ്ടാകുന്നു. അല്ലാതെ ഇവർ ആരുടെയും മംഗളം ചെയ്യുന്നില്ല. അഥവാ ചെയ്യുന്നുണ്ടെങ്കിലും അല്പകാലത്തേക്കു മാത്രമാണ്. ഇപ്പോൾ നിങ്ങൾ കുട്ടികളെ ബാബ വന്നിട്ട് പഠിപ്പിക്കുകയാണ്. ബാബയെയാണ് മംഗളകാരി എന്നു പറയുന്നത്. ബാബ തന്റെ പരിചയം നൽകുന്നു, എന്റെ ലിംഗരൂപത്തിലുള്ള പൂജ നിങ്ങൾ ചെയ്തിരുന്നു, എന്നിട്ട് പരം ആത്മാവ് എന്ന് പറഞ്ഞിരുന്നു. പരം ആത്മാവ് എന്നത് പരമാത്മാവാകുന്നു. പക്ഷെ ബാബ എന്താണ് ചെയ്യുന്നത് എന്ന് അറിഞ്ഞുകൂടാ. കേവലം സർവ്വവ്യാപി എന്നു പറയുന്നു. പേരിൽനിന്നും രൂപത്തിൽ നിന്നും വേറിട്ടവനാണ് എന്നു പറയുന്നു. പിന്നീട് പാലും മറ്റും അഭിഷേകം ചെയ്യുന്നത് യോജിക്കുകയില്ല. ആകാരം ഉള്ളതുകൊണ്ടല്ലേ അഭിഷേകം നടത്തുന്നത്. അതിനെ നിരാകാരൻ എന്നു പറയാൻ കഴിയില്ല. നിങ്ങളോട് മനുഷ്യർ ഒരുപാട് തർക്കിക്കും, ബാബയുടെ മുന്നിൽ വന്നാലും തർക്കിക്കുക തന്നെ ചെയ്യും. വെറുതെ സ്വൈര്യം കെടുത്തും. ഒരു നേട്ടവുമില്ല. ഇത് മനസ്സിലാക്കി കൊടുക്കേണ്ടത് നിങ്ങൾ കുട്ടികളുടെ ജോലിയാണ്. ബാബാ നമ്മളെ എത്ര

ഉയർന്നവരാക്കി മാറ്റുന്നു എന്ന് നിങ്ങൾ കുട്ടികൾക്കറിയാം. ഇത് പഠിപ്പാണ്. ബാബ ടീച്ചറായി പഠിപ്പിക്കുകയാണ്. നിങ്ങൾ മനുഷ്യനിൽ നിന്നും ദേവതയാകാൻ വേണ്ടി പഠിക്കുകയാണ്. ദേവീ-ദേവതകൾ സത്യയുഗത്തിലാണ്. കലിയുഗത്തിൽ ഉണ്ടാകില്ല. പവിത്രമായിരിക്കാൻ രാമരാജ്യം തന്നെ ഇല്ല. ദേവീ-ദേവതകൾ പിന്നീട് വാമമാർഗ്ഗത്തിൽ പോകുന്നു. പക്ഷെ ചിത്രത്തിൽ കാണിച്ചിരിക്കുന്നതു പോലെയൊന്നുമല്ല. ജഗനാഥ ക്ഷേത്രത്തിൽ നിങ്ങൾ കാണുന്നത് കറുത്ത ചിത്രമാണ്. ബാബ പറയുകയാണ് മായയെ ജയിച്ചവരും ജഗത്തിനെ ജയിച്ചവരുമായി മാറൂ. അപ്പോൾ പിന്നെ അവർ ജഗത്-നാഥൻ എന്ന പേര് വച്ചിരിക്കുകയാണ്. മുകളിൽ എല്ലാം മോശമായ ചിത്രം കാണിക്കുന്നു, ദേവതകൾ വാമമാർഗ്ഗത്തിൽ പോകുമ്പോൾ കറുത്തവരാകുന്നു. അവരുടെ പൂജയും ചെയ്യുന്നു. മനുഷ്യർക്കാണെങ്കിൽ ഒന്നും അറിഞ്ഞു കൂടാ-എപ്പോഴാണ് നമ്മൾ പൂജ്യരായിരുന്നത് എന്നും അറിഞ്ഞു കൂടാ? 84 ജന്മത്തിന്റെ കണക്കും ആരുടെയും ബുദ്ധിയിൽ ഇല്ല. ആദ്യം പൂജ്യരും സതോപ്രധാനമായവരും പിന്നീട് 84 ജന്മം എടുത്തെടുത്ത് തമോപ്രധാനമായ പൂജാരിയാകുന്നു. രഘുനാഥ ക്ഷേത്രത്തിൽ കറുത്ത ചിത്രം കാണിക്കുന്നു, അർത്ഥം ഒന്നും മനസ്സിലാക്കുന്നില്ല. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് ബാബ വന്നിട്ട് മനസ്സിലാക്കി തരുന്നു. ജ്ഞാന ചിതയിലിരുന്ന് വെളുത്തവരാകുന്നു, കാമചിതയിലിരുന്ന് കറുത്തവരായി പോകുന്നു. ദേവതകൾ വാമമാർഗ്ഗത്തിൽ പോയി വികാരിയാകുമ്പോൾ അവരെ ദേവത എന്ന് വിളിക്കാൻ കഴിയില്ല. വാമമാർഗ്ഗത്തിൽ പോയതുകൊണ്ടാണ് കറുത്തവരായത്. ഇതിന്റെ അടയാളമാണ് കാണിക്കുന്നത്. കൃഷ്ണനും കറുപ്പ്, രാമനും കറുപ്പ്, ശിവനെയും കറുത്തവനാക്കുന്നു. നിങ്ങൾക്കറിയാം ശിവബാബ കറുത്തവനാകുന്നില്ല. ശിവബാബ വജ്രമാണ്, നിങ്ങളെയും വജ്രം പോലെ ആക്കുന്നു. ബാബ ഒരിക്കലും തമോപ്രധാനമാകുന്നില്ല പിന്നെ എന്തുകൊണ്ടാണ് കറുത്തതാക്കുന്നത്! ആരെങ്കിലും കറുത്തവർ ഇരുന്ന് കറുത്തതായി ഉണ്ടാക്കിയിട്ടുണ്ടാകും. ശിവബാബ പറയുന്നു, ഞാൻ എന്ത് കുറ്റമാണ് ചെയ്തത് എന്നെ കറുത്തതാക്കാൻ. ഞാൻ വരുന്നതു തന്നെ സർവ്വരേയും സതോപ്രധാനമാക്കാനാണ്, ഞാൻ സദാ പരിശുദ്ധമാണ്. മനുഷ്യന്റെ ബുദ്ധി അങ്ങനെ ആയിരിക്കുകയാണ്. ഒന്നും മനസ്സിലാക്കുന്നില്ല. ശിവബാബ സർവ്വരേയും വജ്രമാക്കുന്നവനാണ്. ഞാൻ സദാ സതോപ്രധാന യാത്രക്കാരനാണ്. എന്നെ കറുത്തവനാക്കാൻ ഞാൻ എന്താണ് ചെയ്തത്. ഇപ്പോൾ നിങ്ങൾക്കും ഉയർന്ന പദവി നേടാൻ വേണ്ടി വെളുത്തവരാകണം. ഉയർന്ന പദവി എങ്ങനെ നേടണം? അത് ബാബ മനസ്സിലാക്കി തന്നു- ഫോളോ ഫാദർ. ഏതു പോലെ ഇദ്ദേഹം(ബ്രഹ്മാബാബ) സർവ്വതും ബാബയിൽ അർപ്പിച്ചുവോ അതുപോലെ. ഈ അച്ഛനെ നോക്കൂ എങ്ങനെ എല്ലാം കൊടുത്തു. സാധാരണക്കാരനായിരുന്നു, വളരെ പാവപ്പെട്ടവനുമായിരുന്നില്ല, വളരെ പണക്കാരനുമായിരുന്നില്ല. ബാബ ഇപ്പോൾ പറയുകയാണ് നിങ്ങൾ കഴിക്കുന്നതും കുടിക്കുന്നതും ഇടത്തരവും സാധാരണവുമായിരിക്കണം. വളരെ ഉയർന്നതുമായിരിക്കരുത്, വളരെ താഴ്ന്നതുമായിരിക്കരുത്. ബാബയാണ് എല്ലാ ശിക്ഷണവും നൽകുന്നത്. ഈ ബാബയും കാണാൻ സാധാരണക്കാരനാണ്. നിങ്ങളോട് (പലരും) പറയുന്നു ഭഗവാൻ എവിടെയാണെന്ന് കാണിച്ചുതരൂ. ഹേയ്, ആത്മാവ് ബിന്ദുവാണ്, അതിനെ കാണാൻ കഴിയുമോ! ആത്മാവിന്റെ സാക്ഷാത്ക്കാരം ഈ കണ്ണുകളിലൂടെ നടക്കില്ല എന്ന് അറിയാം. നിങ്ങൾ പറയുന്നു ഭഗവാൻ പഠിപ്പിക്കുന്നു. അപ്പോൾ തീർച്ചയായും ഏതെങ്കിലും ശരീരധാരി കാണും. നിരാകാരൻ എങ്ങനെ പഠിപ്പിക്കും. മനുഷ്യർക്ക് ഒന്നും അറിഞ്ഞുകൂടാ. ഏതുപോലെയാണോ നിങ്ങൾ ആത്മാക്കൾ ശരീരത്തിലൂടെ പാർട്ട് അഭിനയിക്കുന്നത്. ആത്മാവ് തന്നെയാണ് പാർട്ട് അഭിനയിക്കുന്നത്. ആത്മാവ് തന്നെയാണ് ശരീരത്തിലൂടെ സംസാരിക്കുന്നത്. അപ്പോൾ ആത്മാഉവാചാ എന്നാകും. പക്ഷെ ആത്മാഉവാച ശോഭിക്കുകയില്ല. ആത്മാവ് വാനപ്രസ്ഥം, വാണിയ്ക്കുപരിയാണ്, വാചാ (ശബ്ദമുണ്ടാക്കുന്നത്) ശരീരത്തിലൂടെയേ ചെയ്യൂ. വാണിയ്ക്കുപരിയായിരിക്കുന്നത് ആത്മാവാണ്. വാണിയിൽ വരണമെന്നുണ്ടെങ്കിൽ ശരീരം തീർച്ചയായും വേണം. ബാബയും ജ്ഞാനത്തിന്റെ സാഗരനാണെങ്കിൽ തീർച്ചയായും ആരുടെയെങ്കിലും ശരീരത്തിന്റെ ആധാരമെടുക്കുമല്ലോ. അതിനെ രഥം എന്നാണ് പറയുന്നത്. അല്ലെങ്കിൽ എങ്ങനെ കേൾപ്പിക്കാൻ സാധിക്കും? പതിതനിൽ നിന്നും പാവനമാക്കാനാണ് ബാബ ശിക്ഷണം നൽകുന്നത്. പ്രേരണയുടെ കാര്യമൊന്നുമില്ല. ഇത് ജ്ഞാനത്തിന്റെ കാര്യമാണ്. ബാബ എങ്ങനെയാണ് വരുന്നത്? ആരുടെ ശരീരത്തിലാണ് വരുന്നത്? വരുന്നത് തീർച്ചയായും മനുഷ്യനിൽ തന്നെയാണ്. ഏത് മനുഷ്യനിലാണ് വരുന്നത്? നിങ്ങൾക്കല്ലാതെ, ആർക്കും അറിഞ്ഞുകൂടാ. രചയിതാവ് സ്വയം വന്നിട്ട് തന്റെ പരിചയം നൽകുകയാണ്. ഞാൻ എങ്ങനെ ഏതു രഥത്തിൽ വരുന്നുവെന്ന് ബാബ വന്നിട്ട് പറയുന്നു. ബാബയുടെ രഥം ഏതാണെന്ന് കുട്ടികൾക്കറിയാം. ധാരാളം മനുഷ്യർ ആശയക്കുഴപ്പത്തിലാണ്. ആരെയാരെയൊക്കെയാണ് രഥമാക്കുന്നത്. മൃഗങ്ങളിലൊന്നും വരാൻ സാധിക്കുകയില്ല. ഏതു മനുഷ്യനിലാണ് വരുന്നതെന്ന് ബാബ വന്നിട്ട് പറഞ്ഞു തരികയാണ്. ഇത് (സ്വയം) അറിയാൻ സാധിക്കില്ല. വരുന്നത് ഭാരതത്തിലാണ്. ഭാരതവാസികളിലും ആരുടെ ശരീരത്തിലാണ് വരുന്നത്, പ്രസിഡന്റിന്റേയും സന്യാസിമാരുടെയും മഹാത്മാക്കളുടെയും ശരീരത്തിലാണോ വരുന്നത്? പവിത്രമായ രഥത്തിലേ വരൂ എന്നൊന്നുമില്ല. ഇത് രാവണ രാജ്യമാണ്. ദൂരദേശത്തിൽ വസിക്കുന്നവൻ എന്ന് മഹിമയും പാടാറുണ്ട്.

ഭാരതം അവിനാശി ദേശമാണെന്ന് കുട്ടികൾക്കറിയാം. അത് ഒരിക്കലും നശിക്കുകയില്ല. അവിനാശിയായ ബാബ അവിനാശിയായ ഭാരത ദേശത്തിലാണ് വരുന്നത്. ഏത് ശരീരത്തിലാണ് വരുന്നത് എന്നത് സ്വയം വന്നിട്ട് പറയുകയാണ്. മറ്റാർക്കും ഇത് അറിയാൻ കഴിയില്ല. സന്യാസിമാരിലോ മഹാത്മാക്കളിലോ വരാൻ കഴിയില്ല എന്ന് നിങ്ങൾക്കറിയാം. അവർ ഹഠയോഗികളാണ്, നിവൃത്തി മാർഗ്ഗത്തിലുള്ളവരാണ്. ബാക്കിയുള്ളവരെല്ലാം ഭാരതവാസികളായ ഭക്തരാണ്. ഇനി ഭക്തരിലും ഏത് ഭക്തനിലാണ് വരേണ്ടത്? പഴയ ഭക്തനാണ് ആവശ്യം, ആരാണോ വളരെ ഭക്തി ചെയ്തത്. ഭക്തിയുടെ ഫലം നൽകാൻ ഭഗവാനു വരേണ്ടി വരുന്നു. ഭാരതത്തിൽ ഭക്തന്മാർ ധാരാളമുണ്ട്. പലരും പറയും– എങ്കിൽ ഇന്നയാൾ വലിയ ഭക്തനാണല്ലോ, അദ്ദേഹത്തിന്റെ ശരീരത്തിലല്ലേ വരേണ്ടത്. അങ്ങനെ നോക്കുകയാണെങ്കിൽ ഭക്തന്മാർ ഒരുപാടുണ്ട്. നാളെത്തന്നെ ആർക്കെങ്കിലും വൈരാഗ്യം വന്നാൽ, ഭക്തനായിത്തീരും. അവർ ഈ ജന്മത്തിലെ ഭക്തരാണ്. അവരിൽ വരാൻ കഴിയില്ല. ഞാൻ അദ്ദേഹത്തിലാണ് വരുന്നത്, ആരാണോ ആദ്യമാദ്യം ഭക്തി ആരംഭിച്ചത്. ദ്വാപരം മുതൽക്കാണ് ഭക്തി ആരംഭിച്ചത്. ആർക്കും ഈ കണക്ക് മനസ്സിലാകുകയില്ല. എത്ര ഗുപ്തമായ കാര്യമാണ്. ഞാൻ വരുന്നത് ആ ആളിലാണ് ആരാണോ ആദ്യമായി ഭക്തി ആരംഭിക്കുന്നത് . നമ്പർ വൺ പൂജ്യനായിരുന്ന ആളാണ് പിന്നീട് നമ്പർ വൺ പൂജാരിയാകുന്നതും. സ്വയം പറയുകയാണ് ഈ രഥമാണ് ആദ്യത്തെ നമ്പറിൽ പോകുന്നത്. പിന്നീട് 84 ജന്മം എടുക്കുന്നതും ഇദ്ദേഹം തന്നെയാണ്. ഞാൻ ഇദ്ദേഹത്തിന്റെ വളരെ ജന്മത്തിന്റെ അന്ത്യത്തിന്റേയും അന്ത്യത്തിൽ പ്രവേശിക്കുന്നു. ഇദ്ദേഹത്തിനു തന്നെയാണ് പിന്നീട് നമ്പർ വൺ രാജാവാകേണ്ടത്. ഇദ്ദേഹം തന്നെയാണ് വളരെ ഭക്തി ചെയ്തിരുന്നത്. ഭക്തിയുടെ ഫലം ലഭിക്കേണ്ടതും ഇദ്ദേഹത്തിനു തന്നെയാണ്. ഇദ്ദേഹം എങ്ങനെയാണ് ബാബയിൽ അർപ്പണമായതെന്ന് ബാബ കുട്ടികൾക്ക് കാണിച്ചു തരികയാണ്. സർവ്വതും കൊടുത്തു. ഇത്രയും കുട്ടികളെ പഠിപ്പിക്കാൻ ധനവും വേണം. ഈശ്വരൻ യജ്ഞം രചിച്ചിരിക്കുകയാണ്. ഈശ്വരൻ ഇദ്ദേഹത്തിൽ വന്നിട്ട് രുദ്ര ജ്ഞാനയജ്ഞം രചിക്കുന്നു, ഇതിനെ പഠിപ്പ് എന്നും പറയുന്നു. ജ്ഞാന സാഗരനായ രുദ്രൻ ശിവബാബ, ജ്ഞാനം നൽകാൻ വേണ്ടി യജ്ഞം രചിച്ചിരിക്കുകയാണ്. അക്ഷരം പൂർണ്ണമായും ശരിയാണ്. രാജസ്വ, സ്വരാജ്യം നേടാൻ വേണ്ടിയുള്ള യജ്ഞം. എന്തു കൊണ്ടാണ് ഇതിനെ യജ്ഞം എന്ന് പറയുന്നത്? അവരാണെങ്കിൽ യജ്ഞത്തിൽ ആഹൂതിയൊക്കെ നിറയെ ഇടുന്നുണ്ട്. നിങ്ങൾ പഠിക്കുകയാണ് ചെയ്യുന്നത്, എന്ത് ആഹൂതിയാണ് ചെയ്യുന്നത്? നിങ്ങൾക്കറിയാം നമ്മൾ പഠിച്ചിട്ട് സമർത്ഥരാകും. പിന്നീട് മുഴുവൻ ലോകവും ഇതിൽ സ്വാഹ ആകും. യജ്ഞത്തിൽ അവസാനസമയത്ത് എന്തെല്ലാം സാധനങ്ങളുണ്ടോ, എല്ലാം ഇടുന്നു.

ഇപ്പോൾ നിങ്ങൾ കുട്ടികൾക്കറിയാം നമ്മളെ ബാബ പഠിപ്പിക്കുകയാണ്. ബാബ വളരെ സാധാരണമാണ്. മനുഷ്യന് എന്തറിയാം. വലിയ വലിയ ആളുകൾക്ക് വളരെ വലിയ മഹിമയുണ്ടായിരിക്കും. ബാബ സാധാരണവും സിമ്പിളുമാണ്. മനുഷ്യർക്ക് എങ്ങനെ അറിയാൻ സാധിക്കും. ഈ ദാദാ ആണെങ്കിൽ രത്ന വ്യാപാരിയായിരുന്നു. ശക്തി ഒന്നും കാണാൻ കഴിയില്ലായിരുന്നു. ഇദ്ദേഹത്തിൽ എന്തോ ശക്തിയുണ്ട് എന്ന് പറയുമായിരുന്നു. അത്രയെയുള്ളൂ. ഇദ്ദേഹത്തിൽ സർവ്വശക്തിവാൻ ബാബയുണ്ട് എന്ന് അറിഞ്ഞിരുന്നില്ല. ഇദ്ദേഹത്തിൽ ശക്തിയുണ്ട്, ആ ശക്തി എവിടെ നിന്നുമാണ് വന്നത്? ബാബ പ്രവേശിച്ചതിനു ശേഷമല്ലേ ശക്തി വന്നത്. ബാബ ഖജനാവ് വെറുതേ തരികയാണോ. നിങ്ങൾ യോഗബലത്തിലൂടെ നേടുകയാണ്. ബാബ സർവ്വശക്തിവാനാണ്. ബാബയുടെ ശക്തി എവിടെയും പോകുന്നില്ല. എന്തു കൊണ്ടാണ് പരമാത്മാവിനെ സർവ്വശക്തിവാൻ എന്നു പറയുന്നത്, ഇതും ആർക്കുമറിഞ്ഞുകൂടാ. ബാബ വന്നിട്ട് എല്ലാ കാര്യങ്ങളും മനസ്സിലാക്കി തരികയാണ്. ബാബ പറയുകയാണ് ആരിലാണോ പ്രവേശിക്കുന്നത്, അതിൽ പൂർണ്ണമായും തുരുമ്പ് പിടിച്ചിരിക്കുകയായിരുന്നു. പഴയ ലോകം, പഴയ ശരീരം, ഇദ്ദേഹത്തിന്റെ ഒരുപാട് ജന്മങ്ങളുടെ അന്ത്യത്തിലാണ് ഞാൻ വരുന്നത്, നിറഞ്ഞിരിക്കുന്ന അഴുക്കിനെ ആർക്കും ഇല്ലാതാക്കാൻ കഴിയില്ല. അഴുക്ക് ഇല്ലാതാക്കുന്നത് ഒരേയൊരു സദ്ഗുരുവാണ്, ബാബ സദാ ശുദ്ധമാണ്. അത് നിങ്ങൾക്കറിയാം. ഇതെല്ലാം ബുദ്ധിയിൽ ഇരുത്താൻ സമയം ആവശ്യമാണ്. നിങ്ങൾ കുട്ടികൾക്ക് ബാബ സർവ്വതും □വിൽ□ ചെയ്യുന്നു. ജ്ഞാനത്തിന്റെ സാഗരനും, ശാന്തിയുടെ സാഗരനുമായ ബാബ മുഴുവനും കുട്ടികൾക്കും □വിൽ□ ചെയ്യുന്നു. വരുന്നതു തന്നെ പഴയ ലോകത്താണ്. പ്രവേശിക്കുന്നതും അദ്ദേഹത്തിലാണ്, ആരാണോ വജ്രം പോലെയായിരുന്നത് പിന്നീട് കക്ക പോലെയായി. അവർ ഇപ്പോൾ കോടിപതികളാണെങ്കിലും, അല്പകാലത്തേക്കു മാത്രമാണ്. എല്ലാവരുടേയും നശിക്കും. യോഗ്യതയുള്ളവരായി മാറുന്നത് നിങ്ങളാണ്. ഇപ്പോൾ നിങ്ങളും വിദ്യാർത്ഥികളാണ്. ഇദ്ദേഹവും വിദ്യാർത്ഥിയാണ്, ഇദ്ദേഹവും വളരെ ജന്മത്തിന്റെ അന്ത്യത്തിലാണ്. അഴുക്ക് നിറഞ്ഞിരിക്കുകയാണ്. വളരെ നന്നായി പഠിച്ചയാളിൽപോലും അഴുക്ക് നിറഞ്ഞിരിക്കുകയാണ്. അദ്ദേഹം തന്നെയാണ് ഏറ്റവും പതിതമാകുന്നതും, അദ്ദേഹത്തിനു തന്നെയാണ് പിന്നീട് പാവനമാകേണ്ടതും. ഈ ഡ്രാമ ഉണ്ടാക്കപ്പെട്ടതാണ്. ബാബ യഥാർത്ഥമായ കാര്യം

പറഞ്ഞു തരികയാണ്. ബാബ സത്യമാണ്. ബാബ ഒരിക്കലും തലകീഴായി കേൾപ്പിക്കുകയില്ല. ഈ കാര്യങ്ങൾ മനുഷ്യർക്ക് മനസ്സിലാക്കാൻ സാധിക്കുകയില്ല. നിങ്ങൾ കുട്ടികളെ കൂടാതെ മനുഷ്യർ എങ്ങനെ അറിയാനാണ്. ശരി!

വളരെക്കാലത്തെ വേർപാടിനുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും പുലർകാല വന്ദനവും. ആത്മീയപിതാവിന്റെ ആത്മീയകുട്ടികൾക്ക് നമസ്കാരം

## ധാരണയ്ക്കുള്ള മുഖ്യമായ സാരം -

1. ഉയർന്ന പദവി നേടാൻ വേണ്ടി പൂർണ്ണമായും ഫാദറിനെ ഫോളോ ചെയ്യണം. സർവ്വതും ബാബയിൽ അർപ്പിച്ച് ട്രസ്റ്റിയായി സംരക്ഷിക്കണം, പൂർണ്ണമായും ബലിയാകണം. കഴിക്കുന്നതും കുടിക്കുന്നതും താമസം-ജീവിതരീതി ഇടത്തരവും സാധാരണവുമായിരിക്കണം. വളരെ ഉയർന്നതുമായിരിക്കരുത്, വളരെ താഴ്ന്നതുമായിരിക്കരുത്.

2. ബാബ ഇഷ്ടദാനം ചെയ്തിട്ടുള്ള സുഖത്തിന്റെയും ശാന്തിയുടെയും ജ്ഞാനത്തിന്റെയും ഖജനാവ് മറ്റുള്ളവർക്കും നൽകണം, മംഗളകാരിയാകണം.

## വരദാനം - പവിത്രതയുടെ ഗുഹ്യതയെ മനസ്സിലാക്കി സുഖ ശാന്തി സമ്പന്നമാകുന്ന മഹാൻ ആത്മാവായി ഭവിയ്ക്കട്ടെ.

പവിത്രതയുടെ ശക്തിയുടെ മഹാനതയെ മനസ്സിലാക്കി ഇപ്പോഴെ പവിത്രമായ പൂജ്യ ദേവാത്മാക്കളാകൂ. അല്ലാതെ അവസാനമാകാം എന്നല്ല. വളരെയധികം സമയം ശേഖരിക്കപ്പെട്ട ശക്തിയാണ് അവസാനം ഉപയോഗത്തിലേക്ക് വരുന്നത്. പവിത്രമാകുന്നത് ഒരു സാധാരണ കാര്യമല്ല. ബ്രഹ്മചാരികളുണ്ട്, പവിത്രമായി ജീവിക്കുന്നവരുണ്ട്. എന്നാൽ പവിത്രത ജനനിയാണ്. സങ്കല്പത്തിലൂടെയാണെങ്കിലും വൃത്തിയിലൂടെ വായുമണ്ഡലത്തിലൂടെ, വാണിയിലൂടെ സമ്പർക്കത്തിലൂടെ, സുഖ ശാന്തിയുടെ ജനനിയായിത്തീരണം. ഇവരെയാണ് മഹാൻ ആത്മാക്കൾ എന്ന് പറയുന്നത്.

## സ്ലോഗൻ - ഉയർന്ന സ്ഥിതിയിൽ സ്ഥിതി ചെയ്ത് സർവ്വാത്മാക്കൾക്കും ദയയുടെ ദൃഷ്ടി നൽകൂ, വൈബ്രേഷൻ വ്യാപിപ്പിക്കൂ.